**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2572** **12-12-2022 - ൽ മറുപടിയ്ക്ക്**

**മാവേലിക്കര എക്സൈസ് കോംപ്ലക്സ് നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം എസ് അരുൺ കുമാർ | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | മാവേലിക്കര എക്സൈസ് ഓഫീസിന് തഴക്കരയിൽ എക്സൈസ് കോംപ്ലക്സ് നിർമ്മിക്കുവാൻ തുക അനുവദിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. മാവേലിക്കര എക്സൈസ് കോംപ്ലക്സ് നിർമ്മാണത്തിനായി 271.83 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിനു ഭരണാനുമതി നൽകിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത നിർമ്മാണത്തിന് ടി തുക അപര്യാപ്തമാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | മാവേലിക്കര എക്സൈസ് കോംപ്ലക്സ് നിർമ്മാണത്തിനായി പൊതുമരാമത്ത് വകുപ്പ് ചീഫ് എഞ്ചിനീയർ ലഭ്യമാക്കിയ DSR 2016 പ്രകാരമുള്ള 450 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിന് സർക്കാരിന്റെ നിലവിലെ സാമ്പത്തിക സ്ഥിതിയിൽ ഭരണാനുമതി നൽകുവാൻ കഴിയാത്തതിനാൽ, ചെലവ് കുറച്ച് എസ്റ്റിമേറ്റ് സമർപ്പിക്കാൻ നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ ലഭ്യമാക്കിയ DSR 2018 പ്രകാരമുള്ള 271.83 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിന് ഭരണാനുമതി നൽകിയിട്ടുണ്ട്. ഭരണാനുമതി നൽകിയ പ്രസ്തുത തുകയ്ക്ക് കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തിയാക്കുന്നതിന് പൊതുമരാമത്ത് വകുപ്പിന് നിർദ്ദേശം നൽകിയിട്ടുള്ളതുമാണ്. |
| (സി) | പ്രസ്തുത നിർമ്മാണത്തിനാവശ്യമായ അധിക തുക അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | (സി) | മാവേലിക്കര എക്സൈസ് കോംപ്ലക്സ് നിർമ്മാണത്തിനായി പൊതുമരാമത്ത് വകുപ്പ് ചീഫ് എഞ്ചിനീയർ ലഭ്യമാക്കിയ DSR 2016 പ്രകാരമുള്ള 450 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിന് സർക്കാരിന്റെ നിലവിലെ സാമ്പത്തിക സ്ഥിതിയിൽ ഭരണാനുമതി നൽകുവാൻ കഴിയാത്തതിനാൽ, ചെലവ് കുറച്ച് എസ്റ്റിമേറ്റ് സമർപ്പിക്കാൻ നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ ലഭ്യമാക്കിയ DSR 2018 പ്രകാരമുള്ള 271.83 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിന് ഭരണാനുമതി നൽകിയിട്ടുണ്ട്. ഭരണാനുമതി നൽകിയ പ്രസ്തുത തുകയ്ക്ക് കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തിയാക്കുന്നതിന് പൊതുമരാമത്ത് വകുപ്പിന് നിർദ്ദേശം നൽകിയിട്ടുള്ളതുമാണ്. |

സെക്ഷൻ ഓഫീസർ